# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26-06-2024**

### പ്രധാനവാർത്തകൾ

1) പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി ബി ജെ പിയുടെ മുതിർന്ന നേതാവ് ഓം ബിർളയെ തിരഞ്ഞെടുത്തു.

2) സംസ്ഥാനത്ത് കനത്ത മഴ, കണ്ണൂരും കാസർകോടും ഓറഞ്ച് ജാഗ്രത. 10 ജില്ലകളിൽ മഞ്ഞ ജാഗ്രത.

3) മഴ തുടരുന്ന സാഹചര്യത്തിൽ ഇടുക്കി മലയോര മേഖലകളിൽ പ്രത്യേക ജാഗ്രതാ നിർദേശം. മലങ്കര, പെരിങ്ങൽകുത്ത്, അരുവിക്കര ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി.

4) ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തിൽ അടിയന്തരപ്രമേയാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

5) മലപ്പുറത്ത് പ്ലസ് വണ്ണിന് പുതിയ താത്കാലിക ബാച്ചുകൾ അനുവദിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയതായി മന്ത്രി വി ശിവൻ കുട്ടി.

6) ട്വൻ്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ മത്സരങ്ങൾ നാളെ.

$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

## സ്പീക്കർ -തിരഞ്ഞെടുപ്പ്

പതിനെട്ടാം ലോക്സഭയുടെ സ്പീക്കറായി ബി ജെ പി യുടെ മുതിർന്ന നേതാവായ ഓം ബിർള തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് എം പി കൊടിക്കുന്നിൽ സുരേഷ് ആണ് ഐ എൻ ഡി ഐ സഖ്യത്തിന്റെ

സ്ഥാനാർഥിയായി മത്സരിച്ചത്. സ്പീക്കർ തിരഞ്ഞെടുപ്പിൽ അഭിപ്രായസമന്വയത്തിലെത്താൻ ഇരു മുന്നണികളുടെയും നേതാക്കൾ ചർച്ചകൾ നടത്തിയെങ്കിലും ധാരണയായിലെത്താതിനെ തുടർന്നാണ് തിരഞ്ഞെടുപ്പ് നടത്തിയത്. കോൺഗ്രസ് നേതൃത്വം നൽകുന്ന പ്രതിപക്ഷ സഖ്യം ഡെപ്യൂട്ടി സ്പീക്കർ പദവി ആവശ്യപ്പെട്ടെങ്കിലും സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം പരിഗണിക്കമെന്ന് അറിയിച്ചതിനെ തുടർന്നാണ് സഖ്യം സ്ഥാനാർത്ഥിയെ നിർത്തിയത്.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$

## പാർലമെന്റ് സമ്മേളനം

രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

$$$$$$$$$$$$$$$$$$$$$$$$$$

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു . കാസർകോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട മുതൽ വയനാട് വരെയുള്ള

10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള തമിഴ്നാട് തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശ വാസികളും ജാഗ്രത പുലർത്തണമെന്നും നിർദേശമുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$

## തൃശൂർ- റെഡ് അലെർട്ട്

പെരിങ്ങൽകുത്ത് ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ മൂന്നാംഘട്ട മുന്നറിയിപ്പായ റെഡ് അലർട്ട് പ്രഖ്യാപിച്ചു. മഴയുടെ തോതും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവും കൂടുന്നതിനാൽ ജലാശയ നിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. 424 മീറ്റർ പരമാവധി സംഭരണശേഷിയുള്ള ഡാമിലെ ഇപ്പോഴത്തെ ജലനിരപ്പ് 423 മീറ്റർ ആണ്. ചാലക്കുടി പുഴയുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത പ്രതിരോധ വിഭാഗം അറിയിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$$

## മഴ-പ്രത്യേക അറിയിപ്പ്

തിരുവനന്തപുരത്തെ അരുവിക്കര ഡാമിന്റെ ഷട്ടറുകളും നിലവിൽ 50 cm ഉയർത്തിയിട്ടുണ്ട്. ഇന്ന് ഉച്ചക്ക് 50 cm കൂടി ഉയർത്തുമെന്നും സമീപവാസികൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$

## പത്തനംതിട്ട, ആലപ്പുഴ മഴ കോട്ടയം-അവധി

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ കനത്ത മഴയിലും കാറ്റിലും വീടുകൾക്കടക്കം നാശ നഷ്ടം ഉണ്ടായി. കോട്ടയം ജില്ലയിൽ മഴ, ശക്തമായ കാറ്റ് എന്നിവ തുടരുന്ന സാഹചര്യത്തിൽ ജില്ലയിലെ

അങ്കണവാടികൾ, പ്രൊഫഷണൽ കോളജുകൾ അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കളക്ടർ വി. വിഗ്നേശ്വരി അവധി പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

## ഇടുക്കി (ഇൻട്രോ)

ഇടുക്കിയിൽ കനത്ത മഴ തുടരുകയാണ്. പ്രകൃതി ദുരന്ത സാധ്യത മുന്നിൽ കണ്ട് ജില്ലാ ഭരണകൂടം കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$

## മതിലിടിഞ്ഞ് അപകടം

ശക്തമായ മഴയിൽ മംഗളൂരു ഉള്ളാളിൽ മതിലിടിഞ്ഞ് വീണ്, വീട്ടിനകത്ത് ഉറങ്ങിക്കിടക്കുകയായിരുന്ന നാലംഗ കുടുംബത്തിന് ദാരുണാന്ത്യം. ഉള്ളാൾ, മുഡൂർ, കുത്താറുമദനി നഗറിലെ യാസിൻ, ഭാര്യ മറിയുമ്മ, മക്കളായ റിഫാന, റിയാന എന്നിവരാണ് മരിച്ചത്. ഇന്ന് പുലർച്ചെയാണ് അപകടം. നാട്ടുകാരും പൊലീസും ചേർന്ന് മൂന്നു പേരുടെ മൃതദേഹം പുറത്തെടുത്തു.

$$$$$$$$$$$$$$$$$$$$$$$$$$

## മഴ-വ്യാജ സന്ദേശങ്ങൾ

മഴയുമായി ബന്ധപ്പെട്ട് ജനങ്ങളെ ഭയപ്പെടുന്നുന്ന രീതിയിലുള്ള വ്യാജ സന്ദേശങ്ങൾ പ്രചരിപ്പിക്കരുതെന്ന് പത്തനംതിട്ട ജില്ലാ

കളക്ടർ എസ്. പ്രേം കൃഷ്ണൻ. വ്യാജ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികളുണ്ടാവുമെന്നും കളക്ടർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## ആകാശവാണി -75

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75 -ആം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പരയിലെ രണ്ടാം പ്രഭാഷണം ഇന്ന് വൈകിട്ട് 5.30 ന് ആലപ്പുഴ നൂറനാട് കവിതാ ലൈബ്രറി അങ്കണത്തിൽ നടക്കും. കൃഷിമന്ത്രി ശ്രീ.പി പ്രസാദ് ചടങ്ങിന് അധ്യക്ഷത വഹിക്കും. കവിയും പ്രഭാഷകനുമായ ശ്രീ.ആലങ്കോട് ലീലാകൃഷ്ണൻ 'കഥ പറയുന്ന കവിതകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. തുടർന്ന് സമകാലിക കഥയിലെ ശ്രദ്ധേയരായ കഥാകൃത്തുക്കൾ

പങ്കെടുക്കുന്ന കഥയരങ്ങും ഉണ്ടായിരിക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$

## നിയമസഭ-പ്രതിപക്ഷ വാക്കൗട്ട്

അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് വാക്ക്ഔട്ട് ചെയ്തു. സംസ്ഥാനത്ത് പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം മൂലമുണ്ടായ സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടാണ് എംഎൽഎ റോജി എം ജോൺ അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനസർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന്

വ്യക്തമാക്കണമെന്ന് പ്രതിപക്ഷമേതാവ് വി ഡി സതീശൻ ആവശ്യപ്പെട്ടു. ഹോർട്ടി കോർപ്പിലെ പച്ചക്കറി വില മാർക്കറ്റ് വിലയെക്കാൾ കൂടുതലാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു. സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായി ഇടപെടുന്നുണ്ടെന്ന് മന്ത്രി ജി ആർ അനിൽ മറുപടിയായി പറഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ശ്രി ജി ആർ അനിൽ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

## മലപ്പുറം-പ്ലസ് വൺ സീറ്റ്

മലപ്പുറത്ത് പ്ലസ് വണ്ണിന് പുതിയ താത്കാലിക ബാച്ചുകൾ അനുവദിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയതായി മന്ത്രി വി ശിവൻ കുട്ടി. വിദ്യാർത്ഥി സംഘടനകളുമായി ഇന്നലെ വിളിച്ചു ചേർത്ത യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചതെന്ന് മന്ത്രി നിയമസഭയിൽ അറിയിച്ചു. സീറ്റ് കുറവുള്ള ജില്ലകളിൽ സപ്ലിമെന്ററി അലോട്ട്മെന്റ് വരുമ്പോൾ പ്രശ്നം പരിഹരിക്കും. പ്ലസ് വൺ സീറ്റ് പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയ രണ്ട് പേരടങ്ങുന്ന സമിതി, ജൂലൈ 5 നകം റിപ്പോർട്ട് സമർപ്പിക്കും. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കും. പ്രവേശനം വൈകുന്നതിന്റെ പേരിൽ ക്ലാസ്സ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകി പഠന വിടവ് നികത്തുമെന്നും മന്ത്രി വി ശിവൻകുട്ടി സഭയിൽ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

## നിയമസഭ -ചോദ്യോത്തരം

കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. കേരളത്തെ ഒരു ടൂറിസം ഇന്നവേഷൻ ഹബ്ബാക്കാൻ സ്റ്റാർട്ടപ്പുകൾക്ക് ഇൻസന്റീവ് കൊടുക്കാൻ തീരുമാനിച്ചതായും മന്ത്രി നിയമസഭയിൽ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## കളിയിക്കാവിള - കൊലപാതകം

ജെ സി ബി വാങ്ങാനായി കോയമ്പത്തൂരിലേക്ക് പോയ യുവാവിനെ കൊന്ന് 10 ലക്ഷം രൂപ കവർന്ന കേസിൽ തിരുവനന്തപുരം സ്വദേശി അമ്പിളി എന്ന ഷാജികുമാർ പിടിയിൽ. തമിഴ്നാട് പോലീസ് ഇയാളെ ചോദ്യം ചെയ്തുവരികയാണ്. കഴിഞ്ഞ ദിവസം രാത്രിയിൽ കേരള തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിലാണ് കഴുത്തറുത്ത നിലയിൽ ദീപുവിന്റെ മൃതദേഹം കണ്ടെത്തിയത്. കാറിൽ ഉണ്ടായിരുന്ന പത്ത് ലക്ഷം രൂപയും മൊബൈൽ ഫോണും നഷ്ടപ്പെട്ടു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## വയനാട് -സ്ഫോടക വസ്തു

വയനാട് മക്കിമല കൊടക്കാട് വനമേഖലയിൽ കണ്ടെത്തിയ സ്ഫോടക വസ്തുക്കൾ ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസ് ആണെന്ന് ഔദ്യോഗിക സ്ഥിരീകരണം. കണ്ടെടുത്ത സ്ഫോടക വസ്തുക്കളുടെ സാമ്പിൾ ഫോറൻസിക് പരിശോധനക്ക് അയച്ചതായും, യുഎപിഎ ചുമത്തി കേസെടുക്കുമെന്നും മാനന്തവാടി ഡിവൈഎസ്പി ബിജുലാൽ പറഞ്ഞു. ഇന്നലെ ഉച്ചയോടെ തലപ്പുഴ മക്കിമലയിലെ

RNUTVPM

മാവോയിസ്റ്റ് സാന്നിധ്യമുള്ള പ്രദേശത്താണ് ബോംബ് കണ്ടെത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$

## ക്രിക്കറ്റ്

ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ ആരംഭിക്കും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെൻറിൽ നിന്ന് പുറത്തായി. തിങ്കളാഴ്ച നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$

## കോപ്പ അമേരിക്ക

കോപ്പ അമേരിക്ക ടൂർണമെന്റിൽ അർജന്റീന ഏകപക്ഷീയമായ ഒരു ഗോളിന് ചിലിയെ തോൽപ്പിച്ച്, ക്വാർട്ടറിൽ പ്രവേശിച്ചു. 88-ാം മിനിറ്റിൽ ലൌട്ടാരോ മാർട്ടിനസാണ് അർജന്റീനയുടെ വിജയഗോൾ നേടിയത്. തുടർച്ചയായ രണ്ടാം ജയത്തോടെ അർജന്റീന ക്വാർട്ടർ ഫൈനലിന് യോഗ്യത നേടി.

$$$$$$$$$$$$$$$$$$$$$$$$$

## ലോക ലഹരി വിരുദ്ധദിനം

ഇന്ന് ലോക ലഹരി വിരുദ്ധ ദിനം. ലഹരിമരുന്ന് ഉപയോഗം, അനധികൃത മരുന്ന് വ്യാപാരം

എന്നിവയ്ക്കെതിരെ അവബോധം സൃഷ്ടിക്കാനാണ് ഐക്യരാഷ്ട്രസഭ 1989 മുതൽ എല്ലാ വർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. "The evidence is clear: invest in prevention"എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനവ്യാപകമായും നിരവധി പരിപാടികൾ സംഘടിപ്പിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$

## ലക്ഷദ്വീപ് -പവിഴപ്പുറ്റ്

ലക്ഷദ്വീപിന് ചുറ്റുമുള്ള 80 ശതമാനത്തിലധികം പവിഴപ്പുറ്റുകൾ പൂർണ്ണമായും കോറൽ ബ്ലീച്ചിങ്ങിനു വിധേയമായതായി കണ്ടെത്തി. സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, മറൈൻ ബയോളജി റീജിയണൽ സെന്ററും, ലക്ഷദ്വീപ് വനം പരിസ്ഥിതി വകുപ്പും ചേർന്ന് നടത്തിയ സംയുക്ത സർവേയിലാണ് കണ്ടെത്തൽ. കഴിഞ്ഞ നാല് മാസക്കാലയളവിൽ സമുദ്രതാപനിലയിലുണ്ടായ വലിയ തോതിലുള്ള വർധനയാണ്, ലക്ഷദ്വിപിന്റെ നിലനിൽപ്പിനെ തന്നെ അപകടത്തിലാഴ്ത്തുന്ന വിധം ദ്വീപുകൾക്ക് ചുറ്റും കോറൽ ബ്ലീച്ചിങ്ങ് ഉണ്ടാകാനിടയാക്കിയത്. ഇത് അതിജീവിക്കുന്നതിനായി മൺസൂൺ കാലയളവിലുൾപ്പെടെ പവിഴപ്പുറ്റ് മേഖലയിൽ വല ഉപയോഗിച്ചുകൊണ്ടുള്ള മൽസ്യബന്ധനമടക്കമുള്ള എല്ലാ ഇടപെടലുകളിലും അതീവ ജാഗ്രത പുലർത്തണമെന്നും ലക്ഷദ്വിപ് വനം പരിസ്ഥിതി വകുപ്പ് മുന്നറിയിപ്പ് നൽകി.

$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$
$$$$$$$$$$

RNU TVPM